പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3789

15.12.2014 ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ പ്രേരിതമായുള്ള കേസ്സുകൾ

ചോദ്യം

ശ്രീ. എ.കെ.ബാലൻ
" കെ.കെ.ജയചന്ദ്രൻ
" പി. ശ്രീരാമകൃഷ്ണൻ
" എസ്. ശർമ്മ

മറുപടി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) രാഷ്ട്രീയ പകപോക്കലിന് അധികാരം ദുർവിനിയോഗിക്കുന്നതായുള്ള ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; രാഷ്ട്രീയ എതിരാളികളെ കള്ളക്കേസ്സുകളിൽ കുടുക്കി വേട്ടയാടുന്നത് നയമാണോ ;

(എ) രാഷ്ട്രീയ പകപോക്കലിന് അധികാരം ദുർവിനിയോഗം ചെയ്യുന്നതായുള്ള ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണ്.

(ബി) ഇടുക്കിയിലെ പൊതുപ്രവർത്തകനായ സി.പി.ഐ.(എം) നേതാവ് ശ്രീ.എം.എം. മണി ഒരു ഗ്രാമത്തിൽ ജനങ്ങളോടു സംസാരിക്കുമ്പോൾ ഉപയോഗിച്ചതായി പറയപ്പെടുന്ന ചില വാചകങ്ങളെ അടിസ്ഥാനമാക്കി പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നുവോ; എത്ര ദിവസം ജയിലിൽ അടയ്ക്കുകയുണ്ടായി; ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ്സെടുത്തു;

(ബി) ഇടുക്കിയിലെ പൊതുപ്രവർത്തകനായ സി.പി.ഐ.(എം) നേതാവ് ശ്രീ.എം.എം. മണി തൊടുപുഴ സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മണക്കാട് വച്ച് 25.05.2012 തീയതി നടത്തിയ പ്രസംഗത്തിൽ ഉപയോഗിച്ചതായി പറയപ്പെടുന്ന ചില വാചകങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം 1196/12-ൽ 109 of 302, 118 of 302, 116, 117, 505(1) (b) IPC & 117 E of KP Act 2011 വകുപ്പുകൾ പ്രകാരം 28.05.2012 തീയതി രജിസ്റ്റർ ചെയ്ത കേസിൽ ടിയാനെ അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള രാഷ്ട്രീയ പ്രതിയോഗികളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്ന മൂന്നു കേസ്സുകളിൽ (ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82-അഞ്ചേരി ബേബി വധം, രാജാക്കാട്

.......2

പോലീസ് സ്റ്റേഷൻ ക്രൈം 02/83- മുള്ളൻചിറ മത്തായി വധം, ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 65/83-മുട്ടുകാട് നാണപ്പൻ വധം) തുടരന്വേഷണം നടത്തിയിട്ടുള്ളതും ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം 118/82 കേസിൽ ശ്രീ.എം.എം.മണിയെ 21.11.2012-ൽ അറസ്റ്റ് ചെയ്ത് 04.01.2013 വരെ 44 ദിവസം റിമാൻഡ് ചെയ്ത് പീരുമേട് സബ് ജയിലിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് മണിയുടെ പ്രസംഗത്തെ ആധാരമാക്കി സർക്കാരെടുത്ത പുനരന്വേഷണ നിലപാട് തള്ളിക്കളഞ്ഞുകൊണ്ട് വിധിപ്രസ്താവന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) വിവാദ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 206/2004 കേസിന്റെ തുടരന്വേഷണത്തിന് അനുമതിക്കായി ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന അപേക്ഷ 24.11.2014 -ൽ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) രാഷ്ട്രീയപ്രവർത്തകർ ജനങ്ങളോട് പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോൾ വന്നുചേരുന്ന പരാമർശങ്ങളുടെ പേരിൽ രാഷ്ട്രീയ പ്രേരിതമായി കേസ്സെടുക്കുന്നത് അവസാനിപ്പിക്കാമോ ?

(ഡി) രാഷ്ട്രീയ പ്രേരിതമായി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ